LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ മരുന്ന് വിതരണം

121(821) ശ്രീ. ബാബു എം. പാറിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ മരുന്ന് വിതരണം മുൻകാലങ്ങളെ അപേക്ഷിച്ച് കുറവ് വരുത്തിയിട്ടുണ്ടോ;

(ബി) ലിവർ സിറോസിസ്, കാൻസർ, പേവിഷബാധയ്ക്കുള്ള പ്രതിരോധ കുത്തിവെപ്പ് തുടങ്ങിയ നിരവധി രോഗങ്ങൾക്കുള്ള മരുന്നുകൾ മെഡിക്കൽ കോളേജാശുപത്രികളിൽ ആവശ്യാനുസരണം ലഭ്യമാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആശുപത്രികളിൽ എത്തുന്ന രോഗികളുടെ വർദ്ധനയ്ക്കനുസരിച്ച് അനുവദിക്കുന്ന മരുന്നുകളുടെ അളവ് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) എണ്ണത്തിൽ, പഠനത്തിന്റെ അടിസ്ഥാനത്തിൽ കുറവ് വരുത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ആശുപത്രികളിലെത്തുന്ന രോഗികളുടെ വർദ്ധനവ് അനുസരിച്ച് മുൻ സാമ്പത്തിക വർഷത്തെക്കാളും 20% വർദ്ധിപ്പിച്ച ഇൻഡന്റാണ് തുടർന്ന് വരുന്നത്.

ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ വിപണനം

122(822) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനത്തുനിന്നും ഗുണനിലവാരമില്ലാത്ത മരുന്നുകൾ കൊണ്ടുവന്ന് വിതരണം ചെയ്യുന്നുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്ക് എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; ഇത്തരം പരിശോധനകൾ കർശനമായി നടത്തുന്നുണ്ടോയെന്ന കാര്യം വിലയിരുത്തുന്നുണ്ടോ;

(സി) സംസ്ഥാനത്തെ ആശുപത്രി ഫാർമസികൾ വഴി വിപണനം ചെയ്യുന്ന മരുന്നുകളുടെ അളവും മറ്റ് മെഡിക്കൽ ഷോപ്പുകൾ വഴി വിപണനം ചെയ്യുന്ന അളവും തമ്മിൽ താരതമ്യം ചെയ്തിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്ത് ആശുപത്രി

ഫാർമസികൾ വഴി വിപണനം ചെയ്യുന്ന മരുന്നുകളുടെ വിഹിതം ആകെയുള്ളതിന്റെ എത്ര ശതമാനമാണെന്ന് അറിയിക്കുമോ;

(ഡി) ഡോക്ടർമാർ നിർദ്ദേശിക്കാത്ത പ്രൊപ്രൈറ്ററി മരുന്നുകൾ കമ്പനികൾ കച്ചവടക്കാരെ സ്വാധീനിച്ച് ആശുപത്രി ഫാർമസികൾ വഴി വിപണനം ചെയ്യുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ മരുന്ന് വിപണിയിൽ പ്രതിവർഷം 6,000 കോടി രൂപയുടെ മരുന്നുകൾ വിപണനത്തിനായി എത്തുന്നു എന്നാണ് ശരാശരി കണക്ക്. ഇവയിൽ നല്ലൊരു ശതമാനവും (98%) അന്യസംസ്ഥാനങ്ങളിൽ (ഹിമാചൽപ്രദേശ്, മഹാരാഷ്ട്ര, ഉത്തരാഞ്ചൽ, ആന്ധ്രാപ്രദേശ്, തമിഴ്നാട്, കർണ്ണാടക, എന്നിവിടങ്ങളിൽ) നിന്നാണ്. അവശേഷിക്കുന്ന ശതമാനം കേരളത്തിലെ മരുന്ന് നിർമ്മാണ യൂണിറ്റുകളിൽ നിന്നാണ്. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമപ്രകാരം ലൈസൻസ് വ്യവസ്ഥകൾക്കും ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസ്, ഗുഡ് ലബോറട്ടറി പ്രാക്ടീസ് എന്നീ മാനദണ്ഡങ്ങൾക്കും വിധേയമായാണ് ബന്ധപ്പെട്ട ലൈസൻസിംഗ് അതോറിറ്റികൾ മരുന്ന് നിർമ്മാണത്തിനായി ലൈസൻസുകൾ അനുവദിക്കുന്നത്. ഇത്തരത്തിൽ കേരളത്തിലെത്തുന്ന മരുന്നുകൾ വിതരണം ചെയ്യുന്നതിലേയ്ക്കായി വളരെ ശക്തമായ മരുന്നുവിതരണ ശൃംഖലയാണ് സംസ്ഥാനത്ത് നിലവിലുള്ളത്. അന്യസംസ്ഥാനത്ത് നിന്ന് ഗുണനിലവാരമില്ലാത്ത മരുന്നുകൾ കൊണ്ടുവന്ന് വിതരണം ചെയ്യുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാന വിപണിയിൽ വിതരണം ചെയ്യുന്നതും ഗവൺമെന്റ്/ സഹകാരി ആശുപത്രികൾ എന്നിവിടങ്ങളിൽ വിതരണം ചെയ്യുന്നതുമായ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ അവയുടെ സാന്പിളുകൾ ശേഖരിച്ച് വകുപ്പ് എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ വകുപ്പിന് കീഴിലുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ (തിരുവനന്തപുരം, എറണാകുളം) അയയ്ക്കുന്നുണ്ട്. ഇത്തരത്തിൽ പ്രതിവർഷം ഇപ്പോൾ 6000 മരുന്ന് സാന്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതിൽ വളരെ ഉയർന്നതായ ശതമാനം മരുന്ന് മാത്രമാണ് ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യുന്നത്. ഇത്തരത്തിൽ വിവിധ കാരണങ്ങളാൽ (ഇംപ്രോപ്പർ സ്റ്റോറേജ്/ട്രാൻസ്പോർട്ടേഷൻ) ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്നവയിൽ ഗുരുതരമായ വീഴ്ചകൾക്ക് നിർമ്മാതാവിനെതിരെ നിയമനടപടികളും മൈനർ വീഴ്ചകൾക്ക് മരുന്നുനിർമ്മാണ ലൈസൻസ് സസ്പെൻഷൻ, റദ്ദാക്കൽ എന്നീ വകുപ്പുതല നടപടികൾക്കായി ബന്ധപ്പെട്ട അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർമാരോട് ശിപാർശ ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ ആശുപത്രി ഫാർമസികൾവഴി വിപണനം ചെയ്യുന്നതും മെഡിക്കൽ ഷോപ്പുകൾവഴി വിപണനം ചെയ്യുന്നതുമായ മരുന്നുകൾ സംബന്ധിച്ച താരതമ്യ പഠനം നടത്തിയിട്ടില്ല.

(ഡി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ആയുഷ് പദ്ധതി

123(823) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുഷ് പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുക്കപ്പെട്ട എത്ര പേരാമിയോ ഡോക്ടർമാർക്ക് നിയമനം നൽകിയെന്ന് അറിയിക്കാമോ;

(ബി) ആയുഷ് പദ്ധതി ഇപ്പോൾ നിലവിലുണ്ടോ?

ഉത്തരം

(എ &ബി) പ്രസ്തുത പേരിൽ ഒരു പദ്ധതി നിലവിലില്ല.

ശബരിമല മാസ്റ്റർ പ്ലാൻ

124(824) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) ശബരിമലയുടേയും ശബരിമലയുമായി ബന്ധപ്പെട്ട പ്രദേശങ്ങളുടേയും സമഗ്ര വികസനമാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്. പദ്ധതിയുടെ

LIBRARY ARCHIVES Kerala Legislative Assembly